# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3767      19/02/2013 ൽ മറുപടിക്ക്

<u>സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് നിരക്ക്</u>

<u>ചോദ്യം</u>

ശ്രീ. ചിറ്റയം ഗോപകുമാർ

<u>ഉത്തരം</u>

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തുടനീളം മതിയായ അടിസ്ഥാന സൗകര്യങ്ങളോ വേണ്ടത്ര സാങ്കേതികമികവോ ഇല്ലാത്ത സിനിമാ തീയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സിനിമാ തിയേറ്ററുകളുടെ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക നിലവാരവും നിരീക്ഷിക്കുന്നതിനും അമിതമായ ടിക്കറ്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് നടപടിയെടുക്കുന്നതിനും മറ്റുമായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ തലത്തിലുള്ളത് എന്നതിന്റെ വിശദാംശം സഹിതം വ്യക്തമാക്കുമോ ; | (ബി) | സിനിമാ തിയേറ്ററുകളുടെ നിലവാരം പരിശോധിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിയേറ്ററുകളുടെ ക്ലാസിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ടിക്കറ്റ് നിരക്ക് ഈടാക്കുന്നു എന്നു ഉറപ്പാക്കാൻ സർക്കാർ ഇ - ടിക്കറ്റിംഗ് സമ്പ്രദായം കൊണ്ടു വരികയാണ്. ഇതുവഴി എല്ലാ തിയേറ്ററുകളുടെയും ടിക്കറ്റ് നിരക്ക് സർക്കാരിൽ അറിയുവാൻ കഴിയുകയും ടിക്കറ്റ് വിതരണം സുതാര്യമാവുകയും പരാതിയ്ക്കിടവരാതെ ടിക്കറ്റ് വിതരണം നടത്താൻ കഴിയുന്നതുമാണ്. |
| (സി) | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയെ തരംതിരിച്ച് ആയതിന്റെ അടിസ്ഥാനത്തിലും തിയേറ്ററുകളുടെ നിലവാരം കൂടി പരിഗണിച്ച് സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളുടെ ടിക്കറ്റ് ചാർജ് ഏകീകരിക്കുന്നതിനുള്ള നടപടിക്ക് തയ്യാറാകുമോ ? | (സി) | തിയേറ്ററുകളുടെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സിനിമാ ടിക്കറ്റുകളുടെ നിരക്ക് സംബന്ധിച്ച് തീരുമാനം എടുക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടിക്കറ്റ് ചാർജ് ഏകീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ